**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4498

**17/12/2014-ലെ** മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തിക സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രി) |
| (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി സാമ്പത്തിക സഹായം നൽകുന്ന ചുവടെ പറയുന്ന മൂന്ന് സ്വയംതൊഴിൽ പദ്ധതികൾ നിലവിലുണ്ട്.<br>(1) കെസ്റു (കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺഎംപ്ലോയ്ഡ്)<br>(2) മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്<br>(3) ശരണ്യാപദ്ധതി<br><br>പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം ഒന്ന് ആയി ചേർക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതികളിലേക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) പ്രസ്തുതപദ്ധതികളിലേയ്ക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധം രണ്ട് ആയി ചേർക്കുന്നു. |
| (സി) ഓരോ ജില്ലയിലും പ്രസ്തുത പദ്ധതികൾ പ്രകാരം വിതരണം ചെയ്ത തുക എത്രയാണെന്നും | (സി) മൂന്ന് സ്വയംതൊഴിൽ പദ്ധതികളും ആരംഭിച്ച് ഇതുവരെ |

എത്ര ഗുണഭോക്താക്കളുണ്ടെന്നും വെളിപ്പെടുത്തുമോ;

വിതരണം നടത്തിയ തുകയുടെയും,ഗുണഭോക്താക്കളുടെ എണ്ണവും ജില്ല തിരിച്ചുള്ള വിവരവും അനുബന്ധം മൂന്ന് ആയിചേർക്കുന്നു.

(ഡി) പ്രസ്തുത പദ്ധതികൾക്കായി അപേക്ഷ നൽകി കാത്തിരിക്കുന്നവർ ഓരോ ജില്ലയിലും എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

പ്രസ്തുത പദ്ധതികൾക്കായി അപേക്ഷ നൽകി കാത്തിരിക്കുന്നവരുടെ ജില്ല തിരിച്ചുള്ള വിവരം എംപ്ലോയ്മെന്റ് വകുപ്പ് കണക്കാക്കിയിട്ടുണ്ട്. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/കെസ്റു പദ്ധതികൾ ബാങ്കുമായി ബന്ധപ്പെട്ട് നടപ്പാക്കി വരുന്ന പദ്ധതികൾ ആണ്. ബാങ്കുവായ്പ അനുവദിക്കുന്ന മുറയ്ക്ക് മാത്രമേ വകുപ്പു മുഖാന്തിരം സർക്കാർസബ്സിഡി അനുവദിക്കൂ. നിലവിൽ ബാങ്കുവായ്പ അനുവദിച്ച് ഇനി സബ്സിഡി വിതരണം നടത്താനുള്ള ആരും അവശേഷിക്കുന്നില്ല. എന്നാൽ വായ്പ ലഭിക്കുന്നതിനായി ബാങ്കിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം നാല് ആയിചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്